## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 542 — 08.08.2017 ൽ മറുപടിക്ക്

## പരമ്പരാഗത തൊഴിൽ മേഖലയെ സംരക്ഷിക്കുന്നതിനുള്ള പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.ദിവാകരൻ | ശ്രീ.എ.സി.മൊയ്തീൻ (വ്യവസായവും സ്പോർട്ട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പരമ്പരാഗത തൊഴിൽ മേഖലയെ സംരക്ഷിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) പരമ്പരാഗത തൊഴിൽ മേഖലയെ സംരക്ഷിക്കുന്നതിനും പരമ്പരാഗത വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും ക്രിയാത്മക നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. കൈത്തറി മേഖലയിൽ നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ യാൺബാങ്കുകൾ വഴി ലഭ്യമാക്കുന്നതിനായി സബ്സിഡിയും മാർജ്ജിൻമണി വായ്പയും നൽകുന്ന പദ്ധതി, കൈത്തറി മേഖലയിൽ സ്വയം തൊഴിൽ സൃഷ്ടിക്കൽ പദ്ധതി, നെയ്ത്തുകാർക്കും മറ്റു തൊഴിലാളികൾക്കുമുള്ള പ്രചോദന പരിപാടി, കൈത്തറി തൊഴിലാളികൾക്കുള്ള ഉൽപ്പാദന പ്രോത്സാഹന ധനസഹായ പദ്ധതി, കൈത്തറി ഗ്രാമവും സമഗ്രകൈത്തറി ഗ്രാമവും പദ്ധതി, അംശദാനസമ്പാദ്യപദ്ധതി, കൈത്തറി നെയ്ത്തുകാർക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി, വിപണന-കയറ്റുമതി പ്രോത്സാഹന പദ്ധതി, കൈത്തറി സംഘങ്ങളുടെ ആധുനികവത്കരണ പദ്ധതി, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹന പദ്ധതി, പരിശീലനം നൈപുണ്യം ശേഷിവികസന പദ്ധതി, ഒരു വീട്ടിൽ ഒരു തറി പദ്ധതി, പ്രാഥമിക കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരിപങ്കാളിത്തം, ഹാന്റെക്സ് ഹാന്റ് വീവ് എന്നിവയിലെ ഓഹരി പങ്കാളിത്തം എന്നിവ നടപ്പാക്കിവരുന്നു. കൈത്തറി തൊഴിലാളികളെ പൂർണ്ണമായി സംരക്ഷിക്കുന്ന വിധത്തിൽ നൂലും കൂലിയും സർക്കാർ നൽകി സ്കൂൾ യൂണിഫോം പദ്ധതി നടപ്പിലാക്കുന്നു.<br><br>കരകൗശല മേഖലയിൽ തൊഴിലാളികൾക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിന് 'ASHA' എന്ന പദ്ധതി, വ്യവസായ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി പദ്ധതി, കരകൗശല ക്ലസ്റ്ററുകൾ സ്ഥാപിക്കുന്ന |

തിനുള്ള പദ്ധതി, പൊതു സേവന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി എന്നിവയും നടപ്പാക്കിവരുന്നു. കരകൗശല തൊഴിലാളികളുടെ പ്രോത്സാഹനത്തിനായി ദേശീയ അവാർഡിന്റെ മാതൃകയിൽ സംസ്ഥാന അവാർഡുകൾ നൽകുന്ന പദ്ധതിയും നടപ്പാക്കി വരുന്നു.

ഈറ്റ-പനമ്പ് നെയ്ത്ത് മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനായി ഈ മേഖലയിലെ പൊതുമേഖലസ്ഥാപനമായ കേരള സംസ്ഥാന ബാംബൂ കോർപറേഷൻ മുഖേന സാമൂഹ്യ യന്ത്രവൽകൃത പനമ്പ് നെയ്ത്ത് കേന്ദ്രങ്ങളുടെ ശാക്തീകരണം, സ്ലീവറിംഗ് യൂണിറ്റുകളുടെ സ്ഥാപനം, ഫീഡർ യൂണിറ്റുകൾ/ പ്രീ-പ്രോസസിംഗ് യൂണിറ്റുകൾ പുനഃക്രമീകരിച്ച് ശക്തിപ്പെടുത്തൽ, മൂല്യാധിഷ്ഠിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം എന്നിവയ്ക്കായി നടപടികൾ സ്വീകരിച്ചുവരുന്നു. മുളകൊണ്ടുള്ള വിവിധ കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിനുള്ള പരിശീലനം നൽകുന്നതിനായി ബാംബൂ ഇന്നൊവേഷൻ സെന്ററും മുള സംസ്കരിച്ച് ഫർണീച്ചർ നിർമ്മിക്കുന്നതിനായി ഇംപ്രഗ്നേഷൻ യൂണിറ്റും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

ഖാദി ഗ്രാമവ്യവസായ മേഖലയിൽ മിനിമം വേതന പദ്ധതി, നൂൽപ്പ് തൊഴിലാളികൾക്ക് ഇൻസെന്റീവ് പദ്ധതി, വായ്പ പദ്ധതികൾ എന്നിവ നടപ്പാക്കിവരുന്നു. ഉൽപാദനോപാധികളുടെ ആധുനിക വൽക്കരണവും നടന്നുവരുന്നു.

പരമ്പരാഗത കശുവണ്ടി വ്യവസായ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ സമഗ്രമായി അഭിസംബോധന ചെയ്യുന്നതിന്റെ ഭാഗമായി ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കാൻ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കയർമേഖലയിൽ കയർ സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതി പ്രകാരം പ്രവർത്തനമൂലധനം, അടിസ്ഥാന സൗകര്യവികസനത്തിനായി ധനസഹായം, വിപണി വികസന സഹായം, കയർമേഖലയിലെ സംരംഭകർക്ക് മാർജിൻമണി വായ്പ, പ്രത്യേക നിക്ഷേപ സഹായ പദ്ധതി, ഉൽപ്പാദനവും വിപണന പ്രചോദനവും പദ്ധതി, വിലവ്യതിയാനം പരിഹരിക്കുന്നതിനുള്ള പദ്ധതി, ക്ലസ്റ്റർ വികസന പദ്ധതി, ചകിരി ഉല്പാദനം വ്യാപിപ്പിക്കുന്നതിനായി ഡി.എഫ് മില്ലുകൾ സ്ഥാപിച്ച് കുടുംബശ്രീ അടക്കമുള്ള

സംവിധാനങ്ങളുടെ സഹായത്തോടെ ചകിരി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി, കയർപിരി/ ഡീഫൈബറിഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർ വഹിക്കുന്ന രീതിയിൽ ഇൻകം സപ്പോർട്ട് സ്കീം, കയർ തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി എന്നിവ നടപ്പാക്കിവരുന്നു. കൂടാതെ പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ട് യന്ത്രവത്കരണം നടത്തുന്നതിനും വില വ്യതിയാനം പരിഹരിക്കുന്നതിനും ക്ലസ്റ്റർ വികസന പദ്ധതി നടപ്പിലാക്കുന്നതിനും നടപടികൾ സ്വീകരി ച്ചിട്ടുണ്ട്.

(ബി) പരമ്പരാഗത തൊഴിൽ മേഖലയിലെ തൊഴിലാളികളുടെ വേതനം വർദ്ധിപ്പിക്കാനും തൊഴിൽ സംരക്ഷിക്കാനും എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ?

(ബി) പരമ്പരാഗത തൊഴിൽ മേഖലയിലെ തൊഴിലാളികളുടെ വേതനം വർദ്ധിപ്പിക്കാനും തൊഴിൽ സംരക്ഷിക്കാനും സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൈത്തറി മേഖലയിൽ വരുമാനം ഉറപ്പാക്കൽ പദ്ധതി, ഉൽപ്പാദന വർദ്ധനവിനനുസരിച്ച് പ്രൊഡക്ഷൻ ഇൻസെന്റീവ് , ആരോഗ്യപരമായ പ്രശ്നങ്ങൾക്ക് പരിഹാരമായി ഇൻഷ്വറൻസ് പരിരക്ഷ, വീടിനോടു ചേർന്ന് പണിപ്പുര സ്ഥാപിക്കുന്നതിന് സാമ്പത്തിക സഹായം, സ്കൂൾതലത്തിൽ പഠിക്കുന്ന നെയ്ത്തുകാരുടെ മക്കൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ്, ടെക്നോളജി അപ്ഗ്രഡേഷൻ പദ്ധതി എന്നിവ നടപ്പാക്കി വരുന്നു.

കരകൗശല മേഖലയിലെ തൊഴിലാളികളുടെ ആധുനിക സാങ്കേതിക വൈദഗ്ധ്യത്തിന്റെ അഭാവവും ഉൽപാദനക്ഷമത കുറവും, മെച്ചപ്പെട്ട പണിയായുധങ്ങളുടെ അഭാവം എന്നിവ പരിഹരിക്കുന്നതിനായി സംസ്ഥാന സർക്കാരിന്റേയും കേന്ദ്ര സർക്കാരിന്റേയും വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കരകൗശല മേഖല യിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ കുടുംബ വരുമാനം വർദ്ധിപ്പിക്കുവാൻ കുടുംബാംഗങ്ങൾക്ക് അനുബന്ധ മേഖലയിൽ വിദഗ്ധ പരിശീലനം നൽകി സ്വയം സംരംഭങ്ങൾ ആരംഭിക്കുവാൻ സഹായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ഈറ്റ-പനമ്പ് നെയ്ത്ത് മേഖലയെ സംരക്ഷിക്കുന്നതിനും തൊഴിൽസാഹചര്യം മെച്ചപ്പെടുത്തുന്നതിനുമായി ഈ മേഖലയിലെ പൊതുമേഖലസ്ഥാപനമായ കേരള സംസ്ഥാന ബാംബൂ കോർപറേഷൻ മുഖേനെ സാമൂഹ്യ യന്ത്രവത്കൃത പനമ്പുനെയ്ത്ത്

കേന്ദ്രങ്ങളുടെ ശാക്തീകരണം, സ്ലീവറിംഗ് യൂണിറ്റുകളുടെ സ്ഥാപനം, മിനിമം വേജസ് പദ്ധതി/ ഡി.എ ആനുകൂല്യം എന്നിവ നടപ്പിലാക്കി വരുന്നു.

ഖാദി ഗ്രാമവ്യവസായ മേഖലയിൽ തൊഴിലാളികളുടെ അദ്ധ്വാനഭാരം കുറയ്ക്കുന്നതിന്റെ ഭാഗമായി ചർക്കകളുടേയും തറികളുടേയും ആധുനികവത്കരണത്തിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ആയതിലൂടെ ഉൽപാദന ക്ഷമതയും വേതനവർദ്ധനവും കൈവരിക്കുവാൻ കഴിയുമെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ഈ മേഖലയിൽ പൂരക വേതന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

കയർമേഖലയിൽ സഹകരണ സംഘങ്ങൾ ഉൽപാദിപ്പിക്കുന്ന മുഴുവൻ കയറും മിനിമം കൂലി ഉറപ്പുവരുത്തി സംഭരിക്കുന്നതിനും ചെറുകിട ഉൽപാദകരുടെ ഉൽപ്പന്നങ്ങൾ ന്യായവിലനൽകി സംഭരിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ട് യന്ത്രവത്കരണം നടത്തുന്നതിനും വില വ്യതിയാനം പരിഹരിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ